(ബി) സർവ്വെയർ ജനറൽ ഓഫ് ഇൻഡ്യയുടെ കർശന നിയന്ത്രണത്തിന് വിധേയമായി മാത്രം നിർമ്മിക്കേണ്ട രഹസ്യഭൂപടങ്ങൾ ജനകീയാസൂത്രണ വിഭവ ഭൂപട നിർമ്മാണത്തിന്റെ മറവിൽ നിർമ്മിച്ച് വിദേശരാജ്യങ്ങൾക്ക് കൈമാറിയെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ അതേപ്പറ്റി അന്വേഷിക്കുമോ ;

(ഡി) ഇപ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഭവ ഭൂപടം നിർമ്മിക്കുന്നതിന് നിർദ്ദേശം നൽകിയതാരാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വിഭവ ഭൂപടം നിർമ്മിക്കുകയുണ്ടായി. ജനകീയാസൂത്രണകാലത്ത് 466 തദ്ദേശ ഭരണസ്ഥാപനങ്ങളുടെ വിഭവ ഭൂപടം നിർമ്മിച്ചിട്ടുണ്ട്.

(ബി) രഹസ്യഭൂപടങ്ങൾ നിർമ്മിച്ച് വിദേശ രാജ്യങ്ങൾക്ക് കൈമാറിയിട്ടില്ല.

(സി) ബാധകമല്ല.

(ഡി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണത്തിന് വേണ്ടി വിഭവ ഭൂപടം നിർമ്മിക്കുന്നതിന് സർക്കാർ നിർദ്ദേശിച്ചിരുന്നു.

നബാർഡ് സഹായത്തോടെ ആശുപത്രി നവീകരണം

127 [1654] ശ്രീ. സി. മമ്മൂട്ടി:
„ പി. കെ. കെ. ബാവ:
„ ടി. പി. എം. സാഹിർ:
„ സി. മോയിൻകുട്ടി:
„ ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർ.ഐ.ഡി.എഫ്. 9-ൽപ്പെടുത്തി ഗവൺമെന്റ് ആശുപത്രികളുടെ വികസനത്തിനായി എത്ര കോടി രൂപയുടെ പദ്ധതിയാണ് നബാർഡിൽ സമർപ്പിച്ചത്;

(ബി) ഈ തുക ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(സി) ഇതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; വിശദാംശം വ്യക്തമാക്കുമോ ;

(ഡി) ഇങ്ങനെ സംസ്ഥാനത്ത് നബാർഡ് സഹായത്തോടെ നവീകരിക്കാൻ അനുമതി ലഭിച്ചിട്ടുള്ള ആശുപത്രികളുടെ കണക്ക് ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഈ) കോഴിക്കോട്, വയനാട് ജില്ലയിൽ ഏതെല്ലാം ആശുപത്രികളെയാണ് ഈ ലിസ്റ്റിൽപ്പെടുത്തിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 69.05 കോടി രൂപയുടെ പദ്ധതി നിർദ്ദേശങ്ങളാണ് നബാർഡിൽ സമർപ്പിച്ചത്.

(ബി) ആസൂത്രണവും സാമ്പത്തികകാര്യവും വകുപ്പ്, ധനകാര്യവകുപ്പ്, നബാർഡ് എന്നീ സ്ഥാപനങ്ങളുമായി കൂടിയാലോചിച്ച് ധനസഹായം ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾക്കായി ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഓഫീസിൽ ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചു.

(സി) പദ്ധതി നിർദ്ദേശത്തിൻമേലുള്ള നബാർഡിന്റെ അംഗീകാരം ഇതുവരെ സർക്കാരിന് ലഭിച്ചിട്ടില്ല.

(ഡി) & (ഇ) നബാർഡിന്റെ അനുമതി ഇതുവരെ ലഭിക്കാത്ത സ്ഥിതിക്ക് ചോദ്യമുദിക്കുന്നില്ല.

വിവിധ പദ്ധതികളുടെ പേരിൽ ആരോഗ്യവകുപ്പിനുള്ള ധനസഹായം

128 [1655] ശ്രീമതി മേഴ്സി രവി:
ശ്രീ. കെ. ബാബു:
,, കെ. അച്ചുതൻ:
ശ്രീമതി രാധാരാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ പദ്ധതികളുടെ പേരിൽ കേന്ദ്രഗവൺമെന്റോ, വിദേശ ഗവൺമെന്റുകളോ, സ്ഥാപനങ്ങളോ, ഐക്യരാഷ്ട്ര സംഘടനയോ അതിന്റെ ഏജൻസികളോ സംസ്ഥാന ഗവൺമെന്റിനോ ആരോഗ്യവകുപ്പിനോ സാമ്പത്തിക സഹായം നൽകുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം പദ്ധതികളുടെ പേരിൽ എവിടെ നിന്നെല്ലാം ഈ വർഷം എത്ര തുക വീതം ലഭിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(സി) അതിൽ എന്തു തുക വീതം ഇതുവരെ ചെലവഴിച്ചു;

(ഡി) ഈ ഇനത്തിൽ കഴിഞ്ഞ രണ്ട് വർഷങ്ങളിൽ കിട്ടിയ തുക ലാപ്സായിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രവീതം എന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly